# വീരന്മാരുടെ ഗയിമിന്റെ നിർദ്ദേശങ്ങൾ

ദൈവീക ഗുണങ്ങൾ ജീവിതത്തിന്റെ യഥാർത്ഥ സാഹചര്യങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് മനസിലാക്കാൻ ഈ ഗയിം വിദ്യാർത്ഥികൾക്കു സഹായകമാകും. അന്യോന്യം ഗയിം കളിക്കത്തക്കവിധത്തിൽ എല്ലാ ആഴ്ചയിലും വന്നു ശേഖരിക്കത്തക്കവിധത്തിൽ കാർഡുകൾ അവരുടെ ഹാജരിന്റെ പ്രതിഫലം ആയി ഉപയോഗിക്കുവാൻ നിർദ്ദേശിക്കുന്നു.

## നിർദ്ദേശങ്ങൾ:

ഓരോ ആഴ്ചയിലും ക്ലാസ്സുകളിൽ പങ്കെടുത്തതിനു ഓരോ കുട്ടിക്കും അവരുടെ വീരന്റേയും പ്രത്യേകത ഉള്ള കാർഡുകൾ നൽകുക. കാർഡിന്റെ പുറകിൽ ആരുടെ ആണെന്ന് മനസിലാക്കുവാൻ വിദ്യാർത്ഥിയുടെ പേരെഴുതുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു. ഈ ഗയിം കളിക്കുന്നതിനു കുട്ടികൾ ഈരണ്ടീരണ്ടായി ചേരുക. പിന്നെയുള്ള ഗയിമിന്റെ ഓരോ റൌണ്ടിനും താഴെ നിർദ്ദേശിച്ചിരിക്കുന്ന വിധം ചെയ്യുക:

- നൽകപ്പെട്ട സാഹചര്യങ്ങളോ ചോദ്യങ്ങളോ അദ്ധ്യാപകൻ വായിക്കുന്നു. എന്നാൽ ഏതു വിശേഷണം ആണ് ആ സാഹചര്യത്തിന് ആവശ്യമെന്ന് പറയുന്നില്ല.
- ആ സാഹചര്യത്തിന് ആവശ്യമായ വിശേഷണം എന്തെന്ന് കളിക്കുന്നവർ ഊഹിച്ച്, അവരുടെ വീരന്മാരിൽ ഈ വിശേഷണത്തിന് ഏത് വീരനാണ് കൂടുതൽ പോയിന്റുകൾ ലഭിക്കുന്നതെന്ന് തിരഞ്ഞു കണ്ടുപിടിക്കുക. ഐശ്ചികമായ പ്രത്യേക കാർഡുകൾ വിജയത്തിനു സഹായകമായി കളിക്കാർക്ക് തിരഞ്ഞെടുക്കാവുന്നതാണ്.
- ഒരിക്കൽ വീരനും പ്രത്യേക കാർഡുകളും ആയുള്ള സകലതും ഓരോ എതിരാളിക്കും സാദ്ധ്യമായി അവർ വിജയിക്കുകയെന്ന വിശ്വസത്തിലെത്തുമ്പോൾ ഒന്നുമുതൽ മൂന്നുവരെ എണ്ണി, ഒരേ സമയം മേശയുടെ നടുവിൽ അവരുടെ കാർഡുകൾ അഭിമുഖമായി വയ്ക്കുന്നു. കുറിപ്പ്: ആദ്യത്തെ കുറച്ചു റൌണ്ടുകൾ കളിക്കുമ്പോൾ കുട്ടികൾക്ക് അത് കളിക്കേണ്ടതെങ്ങനെയെന്നു ചിന്തിക്കുവാൻ അവസരം നൽകുക. അതിനുശേഷം കൂടുതൽ ആശ്ചര്യഭരിതരാകുംവിധം വേഗത്തിൽ കളിക്കുവാൻ അവരെ നിർബന്ധിക്കുക. *വീരൻ കാർഡുകളിൽ നിന്നും പ്രത്യേക കാർഡുകളിൽ* നിന്നും വ്യക്തമായ സവിശേഷതകളിൽ നിന്ന് കൂടുതൽ പോയിന്റ് കിട്ടുന്നവ ഒന്നിച്ചു കൂട്ടി കൂടുതൽ പോയിന്റ് ലഭിക്കുന്ന ആൾ വിജയി ആയിത്തീരും. എത്ര റൌണ്ടുകളിൽ ഓരോ കുട്ടിയും വിജയി ആകുന്നു എന്ന സ്കോർ സൂക്ഷിച്ചുവയ്ക്കുക.
- ഒരു കാർഡ് ഗയിമിൽ ഒരു പ്രാവശ്യം മാത്രമേ കളിക്കാൻ കഴിയുകയുള്ളൂ. കുട്ടികൾ കളിച്ച ഓരോ കാർഡും കളിക്കുശേഷം കമഴ്ത്തി വയ്ക്കുക.
- കുട്ടികൾക്ക് കളിക്കുവാൻ കാർഡുകൾ ശേഷിക്കാത്തതുവരെ കൂടുതൽ റൌണ്ടുകൾ കളിക്കുക.

ഏറ്റവും കൂടുതൽ റൌണ്ടുകളിൽ വിജയിക്കുന്ന ആൾ ആയിരിക്കും അന്തിമ വിജയി. പല എതിരാളികളുമൊത്തു മാറി മാറി വീണ്ടും കുട്ടികൾ കളിക്കാൻ അനുവദിക്കുക.

## യൂണിറ്റ് 1 കാർഡുകൾ

- സൃഷ്ടി
- ഹാബേൽ
- ബൈബിൾ (പെന്റാട്ടെച്ച്)
- നോഹ
- അബ്രഹാം
- യിസ്ഹാക്ക്
- യാക്കോബ്
- യോസഫ്
- മോശ
- ബൈബിൾ (ചരിത്രപുസ്തകങ്ങൾ)
- കർത്താവിന്റെ വാൾ
- യോശുവ
- ഒളിച്ചുവച്ച സ്വർണ്ണം






### ഹീറോ കാർഡുകൾ :

2 തരത്തിലുള്ള കാർഡുകൾ ഉണ്ട്. ഹീറോ കാർഡുകളും പ്രത്യേകതയുള്ള കാർഡുകളും. ഹീറോ കാർഡുകൾ ഓരോന്നും ബൈബിളിൽ നിന്നുള്ള ഒരു വ്യക്തിയെ താഴെക്കൊടുത്തിരിക്കുന്ന 6 ഗുണങ്ങൾക്കുവേണ്ടി നിശ്ചയിക്കപ്പെട്ട മൂല്യങ്ങളുമായി ബന്ധപ്പെട്ട് ചിത്രീകരിച്ചിരിക്കുന്നു. **ശക്തി, നിർമലത, അനുസരണം, വിനയം, ഹൃദയം, വിശ്വാസം** എന്നിവയാണ് അവ.




ബൈബിളിലെ വീരന്മാരുടെ ഓരോ ഗുണങ്ങൾക്കും 100 പോയിന്റ് വരെയുണ്ട്. അത് അവരുടെ ജീവിതം വിശകലനം ചെയ്താണ് മൂല്യനിർണ്ണയം നടത്തിയിരിക്കുന്നത്. ഒരു വീരന് ഒരു പ്രത്യേക മേഖലയിൽ തന്നെത്താൻ തെളിയിക്കാൻ അവസരം ലഭിച്ചില്ല എങ്കിൽ ആ മേഖലയിലെ പോയിന്റുകൾ ആ വീരന് ലഭിക്കയില്ല. ഒരേ സവിശേഷത മാനദണ്ഡമാക്കി 2 വീരന്മാർക്ക് ഒരേ എണ്ണത്തിലുള്ള പോയിന്റുകൾ വരാൻ പാടില്ല. ഒരു വീരൻ ഒരു മേഖലയിൽ ദൌർബല്യം കാണിച്ചാൽ ഒരിക്കലും ആ മേഖലയിൽ ദൌർബല്യം ഒരിക്കലും കാണിക്കാത്ത വീരനേക്കാൾ പോയിൻറ് കുറവായിരിക്കും.

ഉദാഹരണങ്ങൾ: ഹാബേലിന്റെ ജീവിതത്തിൽ കൂടുതൽ വിശ്വാസം കാണുന്നില്ലായെങ്കിൽ അവനും വിശ്വാസത്തിനു 50 പോയിന്റേ ലഭിക്കുകയുള്ളൂ. അവൻ തന്റെ ജീവിതത്തിൽ നേരത്തെ കൊല്ലപ്പെട്ടതിനാൽ ശക്തിക്ക് അവന് ഒരു പോയിന്റേ ലഭിക്കയുള്ളൂ. ദൈവം വാസ്തവത്തിൽ ആഗ്രഹിച്ചതും അവനു നൽകിയതിനാൽ അവൻറെ സ്നേഹം കാണിച്ചതിനാൽ ഹൃദയത്തിനു അവനു 90 പോയിൻറ് ലഭിക്കും. തന്റെ ഭാര്യയെ സഹോദരി എന്ന് കള്ളം പറഞ്ഞതുകൊണ്ട് അബ്രഹാമിന് നിർമലതയുടെ പോയിന്റുകൾ നഷ്ടപ്പെടുന്നു. ജലപ്രളയത്താൽ നശിക്കുവാൻ സാദ്ധ്യതയുണ്ടായിരുന്ന ലക്ഷക്കണക്കിന് ജനങ്ങൾക്ക് വേണ്ടി ഇടിവിൽ നിൽക്കയോ അവരെ രക്ഷിക്കുവാൻ ശ്രമിക്കയോ ചെയ്തില്ല എന്ന് രേഖപ്പെടുത്താത്തതിനാൽ നോഹ ഹൃദയത്തിൻറെ പോയിന്റുകൾ നഷ്ടപ്പെടും. ലോകത്തിൽ ജീവിച്ചിരിക്കുന്നവരിൽ ഏറ്റവും സൌമ്യൻ ആയിരുന്ന മോശ എന്ന് ബൈബിളിൽ പ്രസ്താവിച്ചിരിക്കുന്നതിനാൽ സൌമ്യതയ്ക്ക് മോശക്ക് 100 പോയിന്റുകളും ലഭിക്കും. ദൈവം യോസഫിനു ലഭിച്ച സ്വപ്നം ആവശ്യം അല്ലാതിരുന്ന സമയത്ത് തന്റെ സഹോദരന്മാരെ അറിയിച്ചതിനാൽ സൌമ്യതയ്ക്ക് യോസഫിനു പോയിൻറ് ഒന്നും ലഭിക്കയില്ല. മാത്രമല്ല താൻ പ്രധാനമന്ത്രി ആയപ്പോഴും അധികം സൌമ്യത ഒന്നും തന്നിൽ കാണാൻ കഴിയുന്നില്ല. സോദോമും ഗോമോറയും വിട്ട് അനുസരിക്കയും തൻറെ സ്വന്തദേശം വിട്ടു ദൈവത്തിൻറെ നേതൃത്വത്തിനു വഴിപ്പെടുകയും ചെയ്തതിനാൽ അബ്രഹാമിന് അനുസരണത്തിനു 97 പോയിന്റുകൾ കാണിക്കുന്നു. എന്നാൽ അവനു 100 പോയിൻറ് ലഭിക്കുന്നില്ല അതിനു കാരണം ഏകദേശം 100 വർഷം മഴയുടെ ഒരു ലക്ഷണങ്ങളും കാണാതെ കാണാതെ പെട്ടകം പണിയത്തക്കവിധം നോഹ കൂടുതൽ അനുസരണം കാണിച്ചു.

## പ്രത്യേകതയുള്ള കാർഡുകൾ:

കളിക്കുന്ന കാർഡുകളുടെ വിലയിൽ മാറ്റം വരുത്തുന്നവയാണ് ഈ പ്രത്യേക കാർഡുകൾ. നിങ്ങളുടെ എതിരാളി ഒരേ ഹീറോയെത്തന്നെ തിരഞ്ഞെടുത്താലും ഈ കാർഡുകൾ നിങ്ങളെ വിജയിക്കുന്നതിന് സഹായകമാകും.




- **ബൈബിൾ**: നിങ്ങൾ ബൈബിളിൽ നിന്ന് തിരഞ്ഞെടുക്കുന്ന പ്രത്യേക പോയിന്റുകളുടെ അടിസ്ഥാനത്തിൽ സ്കോർ വർദ്ധിപ്പിക്കുക. ആ വീരപുരുഷനെ പ്രതിപാദിക്കുന്ന ബൈബിളിലെ ഭാഗങ്ങളെ ഉൾപ്പെടുത്തുന്നു എന്ന് ഉറപ്പു വരുത്തുക.
- **മറയ്ക്കപ്പെട്ട (അദൃശ്യമായ) സ്വർണ്ണം**: നിങ്ങളെ എതിരാളിയുടെ ഹീറോയുടെ പോയിന്റിൽ നിന്ന് 10 എണ്ണം കുറയ്ക്കുക.
- **പ്രാർത്ഥന**: നിങ്ങളുടെ ഹീറോയുടെ **വിശ്വാസം** എന്നതിനോട് 10 പോയിന്റുകൾ കൂട്ടുക.
- **നിയമപെട്ടകം**: എതിരാളിയുടെ **ശക്തി** 0 യിലേക്ക് കുറയ്ക്കുക.
- **വീണുപോയ വൃക്ഷം**: എതിരാളിയുടെ **സൌമ്യത**യിൽ നിന്ന് 20 പോയിന്റ് കുറവ് വരുത്തുക.
- **സൃഷ്ടി**: നിങ്ങൾ വിജയിക്കാൻ തുടങ്ങുന്നു എന്ന് തോന്നുന്ന റൌണ്ടിൽ ഇത് ഉപയോഗിക്കുക. നിങ്ങൾ വിജയി ആയാൽ നേരത്തെ കളിച്ച 3 കാർഡുകൾ പുന:സ്ഥാപിക്കാൻ നിങ്ങൾക്ക് കഴിയും.
- **ദൈവത്തിന്റെ വാൾ**: സ്വയമായി റൌണ്ടിൽ വിജയിക്കത്തക്കവണ്ണം ഈ കാർഡുകൾ ഉപയോഗിക്കുക- ഈ കാർഡ് മാത്രമായി ഉപയോഗിക്കാവുന്നതാണ്.
- **ദൈവത്തിന്റെ അഗ്നി**: ഒരു അവസരം സ്കിപ് ചെയ്യാൻ അവസരം ഉണ്ടാക്കുക.

- **കുഷ്ഠം:** റൌണ്ട് നഷ്ടപ്പെട്ടും എന്നാൽ എല്ലാ എതിരാളികളുടെയും ഹീറോമാരുടെ **ശക്തി**ക്ക് ക്ഷയം സംഭവിച്ച് ബാക്കി ഗയിമുകൾക്ക് 20 പോയിന്റുകൾ ലഭ്യമാകും.
- **അടിമത്വം/ബന്ധനം:** നിങ്ങളുടെ റൌണ്ട് വിജയത്തിനായി ഈ കാർഡ് ഉപയോഗിക്കുക നിങ്ങളുടെ എതിരാളിയെ ഗയിമിന്റെ ബാക്കി ഭാഗത്തേക്ക് അപ്രാപ്തമാക്കി ഒരു റാൻഡം (സ്ഥിരമല്ലാത്ത) ഹീറോ എടുക്കുക.

## ഉദാഹരണ റൌണ്ടുകൾ

ഈ ഉദാഹരണത്തിൽ, ഒന്നാമത്തെ കുട്ടിയും രണ്ടാമത്തെ കുട്ടിയും വിവിധ ആഴ്ചകളിൽ പങ്കെടുക്കുമ്പോൾ ഈ കാർഡുകൾ ലഭിക്കും.

കുട്ടി -1









കുട്ടി – 2

അദ്ധ്യാപകൻ



**റൌണ്ട് 1**

ചോദ്യം: ‘‘നിങ്ങളുടെ സഹോദരി ഒരു കള്ളം പറയുവാൻ നിങ്ങളോട് ആവശ്യപ്പെട്ടാൽ ഏത് ഹീറോ(വീരപുഷൻ) ആണ് നിങ്ങളെ സഹായിക്കുന്നത്?’’

വേണ്ട വിശേഷണം- **നിർമലത**( ഇത് കുട്ടികളോട് പറയരുത്)

കുട്ടി -1



നിർമലത എന്ന വിശേഷത ഊഹിച്ച് ഒന്നാമത്തെ കുട്ടി യിസ്ഹാക്കിനെയും ബൈബിളിനെയും തിരഞ്ഞെടുക്കുന്നു.

കുട്ടി – 2



രണ്ടാമത്തെ കുട്ടി വിശേഷത വിശ്വാസം ആണെന്ന് ഊഹിച്ച് അബ്രാഹാമിനെയും ഒളിക്കപ്പെട്ട സ്വർണ്ണത്തേയും തിരഞ്ഞെടുക്കുന്നു.

കുറിപ്പ്- പെന്റാറ്റുക് (പഞ്ചഗ്രന്ഥങ്ങൾ) ബൈബിൾ കാർഡ് അവൻ തിരഞ്ഞെടുക്കണം കാരണം യിസ്ഹാക്കിന്റെ കഥ ഉല്പത്തി പുസ്തകത്തിലാണുള്ളത്.

വിശ്വാസത്തിൻറെ പോയിന്റുകൾ എണ്ണിയില്ല. കാരണം ഈ റൌണ്ടിൽ വേണ്ടത് വിശ്വാസം അല്ല നിർമലത ആണ്.

ഒന്നാമത്തെ കുട്ടി ഈ റൌണ്ടിൽ വിജയിക്കുന്നു!



യിസ്ഹാക്ക് – 90 നിർമലത

ബൈബിൾ + 20 പൊയന്റുകൾs
(- 10 പോയിന്റ്)

100 നിർമലത



അബ്രഹാം: 77 നിർമലത

മറച്ചുവയ്ക്കപ്പെട്ട സ്വർണ്ണം: -10 പോയിന്റ് എതിരാളിക്ക്

100 നിർമലത



അടുത്ത റൌണ്ടിൽ ഉപയോഗിക്കത്തക്കവണ്ണം കളിച്ചു കഴിഞ്ഞ കാർഡുകൾ ഒരു വശത്തേക്ക് ഓരോ കളിക്കാരനും മാറ്റി വയ്ക്കുന്നു. ഓരോ ഗയിമിനും ഒരു കാർഡ് ഒരിക്കൽ മാത്രമേ കളിക്കാൻ കഴികയുള്ളൂ.

കുട്ടി – 1

കുട്ടി – 1



കുട്ടി – 2

കുട്ടി – 2

ബാക്കിയുള്ള കാർഡുകൾ അടുത്ത റൌണ്ടിൽ ലഭ്യമാണ്.

കുട്ടിയുടെ പേര് കാർഡിന്റെ പിൻഭാഗത്ത് എഴുതുക അങ്ങനെയാവുമ്പോൾ അവ നഷ്ടപ്പെടുകയില്ല

## റൌണ്ട് 2

ചോദ്യം: ‘’നിങ്ങളുടെ ഒരു കൂട്ടുകാരൻ നിങ്ങളുടെ അടുക്കൽ വന്നു ചില തെറ്റായ കാര്യങ്ങൾ ചെയ്യുന്നു എന്ന് പറയുന്നു,. അത് തെറ്റാണെന്ന് മനസിലാക്കി അതിനെ അംഗീകരിച്ചു ക്ഷമാപണത്തിനായി ആഗ്രഹിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും?’’

അദ്ധ്യാപകൻ



കുട്ടി – 1



ഒന്നാമത്തെ കുട്ടി മോശയും സൃഷ്ടിയും തിരഞ്ഞെടുക്കുന്നു

രണ്ടാമത്തെ കുട്ടി തന്നെ കളിക്കുവാൻ പറ്റിയ ദൈവത്തിന്റെ വാൾ തിരഞ്ഞെടുക്കുന്നു.

കുട്ടി – 2





മോശ : 100 സൌമ്യത

സൃഷ്ടി: അവനു വിജയിക്കണമെങ്കിൽ തള്ളിക്കളഞ്ഞ കൂട്ടത്തിൽ നിന്ന് 3 കാർഡുകൾ തിരികെയെടുക്കണം



ദൈവത്തിൻറെ വാൾ എല്ലാ റൌണ്ടുകളും വിജയിക്കുന്നു.

രണ്ടാമത്തെ കുട്ടി ഈ റൌണ്ടിൽ വിജയിക്കുന്നു

(അവൻ വിചാരിക്കുന്നു അവൻ ജയിക്കുമെന്ന്)

100 സൌമ്യത

## പരിസമാപ്തി

കളിക്കാൻ ഒരുവന് കാർഡ് ഇല്ലാത്ത അവസ്ഥയിൽ എത്തുമ്പോൾ കളി അവസാനിക്കുന്നു. കൂടുതൽ റൌണ്ടുകൾ വിജയിച്ച കുട്ടി ആയിരിക്കും അന്തിമ വിജയി. എതിരാളികൾക്ക് മാറ്റം വരുത്തി വീണ്ടും കളി തുടങ്ങുക.

# ഗയിമിനു വേണ്ടിയുള്ള ചോദ്യങ്ങൾ.

1. നിങ്ങളുടെ സഹോദരി ഒരു കള്ളം പറയാൻ ആവശ്യപ്പെട്ടാൽ ഏത് വീരൻ(ഹീറോ) നിങ്ങളെ സഹായിക്കും? (നിർമലത)
2. നിങ്ങളുടെ ഒരു കൂട്ടുകാരൻ നിങ്ങൾ ചെയ്യുന്ന കാര്യം തെറ്റാണെന്ന് പറയുന്നു. നിങ്ങൾ ചെയ്യേണ്ടത് തെറ്റാണെന്ന് മനസ്സിലാക്കി അംഗീകരിച്ച ക്ഷമാപണം നടത്തുന്നു. ഏത് വീരൻ നിങ്ങളെ സഹായിക്കും? ( വിനയം)
3. സ്കൂളിൽ നിങ്ങളുടെ സഹപാഠികൾ നിങ്ങളെ കളിയാക്കുന്നു. ഏത് വീരൻ നിങ്ങളെ സഹായിക്കും?(സഹിഷ്ണുത)
4. നിങ്ങളുടെ പിതാവ് കാൽ കഴുകുവാൻ നിങ്ങളോട് ആവശ്യപ്പെടുന്നു എന്നാൽ നിങ്ങൾക്കതിനു താല്പര്യമില്ല. ഏത് വീരൻ നിങ്ങളെ സഹായിക്കും? അനുസരണം)
5. നിങ്ങൾ കടയിൽ പോയി കുറച്ച് ലഘുഭക്ഷണം വാങ്ങി, കൂടുതൽ പണം കാഷ്യർ തിരികെത്തന്നു. ഏത് വീരൻ നിങ്ങളെ സഹായിക്കും? (നിർമലത)
6. സ്കൂളിൽ നിങ്ങളുടെ സഹപാഠികളിൽ ഒരാൾ ചവിട്ടുപടിയിൽ നിന്ന് താഴെവീണു, എല്ലാവരും അവളെ കളിയാക്കി. ഏത് വീരൻ നിങ്ങളെ സഹായിക്കും? (ഹൃദയം)
7. ഒരു ദിവസം ഒരു പെൺകുട്ടി നിങ്ങൾക്കിഷ്ടമില്ലാത്ത ഒരു സമ്മാനം നിങ്ങൾക്ക് തന്നു, എന്നാൽ അവൾ അത് തന്നത് അത്യന്തം സ്നേഹത്തോടെ ആയിരുന്നു. ഏത് വീരൻ നിങ്ങളെ സഹായിക്കും? (വിനയം)
8. നിങ്ങളുടെ അങ്കിൾ ഒരു ഗ്ലാസ് ബിയർ നിങ്ങൾക്ക് നൽകുന്നു. ഏത് വീരൻ നിങ്ങളെ സഹായിക്കും? (സഹിഷ്ണുത)
9. നിങ്ങളുടെ സ്കൂളിൽ, നിങ്ങൾക്കു ഒരു ക്രിസ്ത്യാനിയായിരിക്കാൻ കഴികയില്ലെന്നു സഹപാഠികളിൽ ഒരാൾ പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
10. നിങ്ങളുടെ സഹോദരി നിങ്ങളുടെ പ്രിയപ്പെട്ട കളിപ്പാട്ടം പൊട്ടിച്ച കളയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? ( സഹിഷ്ണുത)
11. നിങ്ങളുടെ പിതാവ് ദൈവം നിങ്ങളെ സ്നേഹിക്കുന്നില്ല എന്ന് നിങ്ങളോട് പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
12. നിങ്ങളുടെ ഏറ്റവും അടുത്ത കൂട്ടുകാരൻ ഒരു ചീത്തക്കുട്ടി ആയതിനാൽ അവനോടൊപ്പം കളിക്കരുതെന്ന് നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളോട് പറഞ്ഞു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)
13. സുവിശേഷീകരണത്തിനു പാസ്റ്ററോടൊപ്പം ചെല്ലുവാൻ പാസ്റ്റർ ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണുത)
14. അത്താഴത്തിനു നിങ്ങളുടെ കുടുംബത്തിനു ആവശ്യമായ ഭക്ഷണം മാത്രമേ വീട്ടിലുള്ളൂ. ആ സമയത്ത് നിങ്ങളുടെ വീട്ടിലെത്തുന്ന അതിഥിക്ക് ഭക്ഷണം കൊടുക്കണം. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
15. നിങ്ങൾക്കിഷ്ടമുള്ള ഭക്ഷണം അമ്മ ഉണ്ടാക്കിവച്ച ദിവസം തന്നെ നിങ്ങൾ ഉപവസിക്കണമെന്നു പാസ്റ്റർ പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണുത)
16. നിങ്ങൾക്കിഷ്ടമില്ലാത്ത ഒരു ഭക്ഷണം അമ്മ ഉണ്ടാക്കി നിൻറെ ആരോഗ്യത്തിനു അത് കഴിക്കണമെന്ന് അമ്മ പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? ( അനുസരണം).
17. കുളിക്കുവാൻ നിങ്ങളോട് അമ്മ പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)
18. സ്കൂളിലെ യാത്രയിൽ ഒരു പെൺകുട്ടി നിങ്ങളുടെ വസ്ത്രത്തിൽ  സോഡ തെറിപ്പിച്ചു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)
19. നിങ്ങൾ ഒരു വീഥിയിലൂടെ മറികടക്കുമ്പോൾ നിങ്ങളുടെ എതിരെ നടന്നുവരുന്ന സ്ത്രീയുടെ കയ്യിൽ ഉള്ള പലവ്യഞ്ജനങ്ങളുടെ സഞ്ചി താഴെ വീഴാറായി നിങ്ങൾ കണ്ടു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)
20. നിങ്ങളുമായി അധികം പരിചയം ഇല്ലാത്ത ഒരു കുട്ടിയുടെ വീട്ടിൽ ചെന്ന് ഒരു സമ്മാനം കൊടുക്കുവാൻ നിങ്ങളുടെ അമ്മ പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)
21. ക്ലാസ്സിലെ ഒരു കുട്ടി നിങ്ങളുടെ നോട്ടുബുക്കിൽ പാടുകൾ വരുത്തുന്നു. അതിനു പ്രതികാരം ചെയ്യുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ട്. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണുത)
22. നിങ്ങളുടെ സഹോദരി  നിങ്ങൾ കാഴ്ചയ്ക്ക് ഭംഗിയില്ലാത്തവൻ  എന്ന് പറഞ്ഞു നിങ്ങൾക്ക് ദു:ഖം വരുത്തുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? വിശ്വാസം)

23. നിങ്ങളുടെ സണ്ടേസ്കൂൾ അദ്ധ്യാപകൻ നിങ്ങൾക്കെതിരെ അച്ചടക്ക നടപടി എടുക്കുമ്പോൾ നിങ്ങൾ കൊപിഷ്ടനാകുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)
24. ഒരു ദിവസം നിങ്ങളുടെ സ്കൂളിൽ നിങ്ങളുടെ സ്നേഹിതൻ മറ്റൊരു കുട്ടിയുടെ മുതുകിൽ തൂക്കിയിട്ടിരുന്ന ബാഗിൽ നിന്ന് മോഷണം നടത്തുവാൻ ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
25. നിങ്ങളുടെ ധിക്കാരപരമായ പെരുമാറ്റത്തിന് നിങ്ങളുടെ ആന്റി എപ്പോഴും നിങ്ങളെ ശിക്ഷിക്കുന്നതുകൊണ്ട് അവളെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൌമ്യത)
26. ഒരു ദിവസം നിങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കാത്ത ഒരു കാര്യം ചെയ്യുവാൻ ദൈവം നിങ്ങളെ വിളിക്കുന്നതായി നിങ്ങൾ ചിന്തിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? ( വിശ്വാസം)
27. മറ്റൊരു കുട്ടി ഒരു സിഗരറ്റ് നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
28. സഹായിലുള്ളവർ നിങ്ങൾ മടിയനാണെന്ന് നിങ്ങളോട് പറയുന്നു. നിങ്ങൾക്ക് അത് അംഗീകരിക്കാൻ താല്പര്യമില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൌമ്യത)
29. നിങ്ങളുടെ സ്നേഹിതൻ നിങ്ങൾ മാതാപിതാക്കളുടെ കയ്യിൽ നിന്ന് പണം മോഷ്ടിക്കാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. നിങ്ങൾ അത് ചെയ്യാതിരുന്നാൽ തുടർന്ന് അവൻ നിങ്ങളുടെ കൂട്ടുകാരൻ ആയിരിക്കില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
30. നിങ്ങളുടെ സ്കൂളിലെ അദ്ധ്യാപകൻ നിങ്ങൾ വന്നത് ഒരു കുരങ്ങിൽ നിന്നാണ് അല്ലാതെ ദൈവത്തിൽ നിന്നല്ല എന്ന് പറഞ്ഞു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
31. ഒരു അദ്ധ്യാപകൻ ന്യായമല്ലാത്ത ഒരു സ്ഥാനം(ഗ്രേഡ്) നിങ്ങൾക്ക് നൽകി നിങ്ങളുടെ മാതാപിതാക്കൾ അതിൽ വിശ്വസിക്കാത്തതിനാൽ നിങ്ങൾക്ക് ശിക്ഷ നല്കാൻ പോകുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)
32. നിങ്ങളുടെ ശകാരി നിങ്ങൾ വളരെ വിരൂപനാണെന്ന് പറഞ്ഞു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൌമ്യത)
33. നിങ്ങളുടെ സഹോദരിയെക്കുറിച്ച് നിങ്ങൾ ചില കാര്യങ്ങൾ പറഞ്ഞു. അതിനു ക്ഷമ ചോദിക്കേണ്ടതാണെന്ന് നിങ്ങൾക്ക് അറിയാം. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൌമ്യത)
34. സ്തുതിക്കുന്നവരുടെ സംഘത്തിൽ പങ്കുചേരാൻ നിങ്ങളുടെ പാസ്റ്റർ നിങ്ങളെ അനുവദിച്ചില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)
35. സ്കൂളിൽ നിങ്ങളുടെ അദ്ധ്യാപകൻ ഒരിക്കലും നിങ്ങളെ പ്രശംസിക്കാറില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)
36. നിങ്ങൾ ചെയ്യാത്ത കാര്യത്തിനു നിങ്ങളുടെ അമ്മ നിങ്ങളെ കുറ്റപ്പെടുത്തി. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)
37. നിങ്ങളുടെ വലിയമ്മ നിങ്ങളെ സന്ദർശിക്കാൻ വന്നപ്പോൾ നിങ്ങളുടെ വീട്ടിലുള്ളവർക്ക്(സഹോദരനോ സഹോദരിക്കോ) ചില സമ്മാനങ്ങൾ നൽകി എന്നാൽ നിങ്ങൾക്ക് തന്നില്ല. നിങ്ങൾക്ക് അറിയാം അത് ക്ഷമിക്കുകയും മറക്കുകയും ചെയ്യണമെന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)
38. നിങ്ങൾ ഒരു ബസിൽ സഞ്ചരിക്കുന്നു ഒരു പ്രായമുള്ള സ്ത്രീ ബസിൽ കയറുന്നു. നിങ്ങൾക്ക് ഒരു സീറ്റ് ഉണ്ട് അവൾക്ക് ഇല്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)
39. നിങ്ങൾ സ്കൂളിനു ചുറ്റും ഓടിക്കൊണ്ടിരിക്കുമ്പോൾ നിങ്ങൾ വീഴുന്നു. എല്ലാ സഹപാഠികളും നിങ്ങളെ കളിയാക്കി ചിരിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)
40. സ്കൂളിൽ എല്ലാവരും കളിച്ചുകൊണ്ടിരിക്കുമ്പോൾ അവരോടൊപ്പം കളിക്കുവാൻ അവരോടു ചോദിക്കുന്നു. അവരോടൊപ്പം കളിക്കാൻ പറ്റില്ലെന്ന് സഹപാഠികൾ പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)
41. ഒരു ആൺകുട്ടി ഒരു പെൺകുട്ടിയെ മർദ്ദിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? ഹൃദയം)
42. ഓരോരുത്തർക്ക് സ്വന്തമായി ഉപയോഗിക്കത്തക്കവണ്ണം ആവശ്യത്തിനു കത്രികകൾ നിങ്ങളുടെ സ്കൂളിൽ ഇല്ല. നിങ്ങൾ കത്രിക ഉപയോഗിച്ചുകൊണ്ടിരിക്കുമ്പോൾ സഹപാഠി അത് എടുത്തുകൊണ്ടു പോകുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൗമ്യത)
43. ഒരു പെൺകുട്ടി നിങ്ങളെ ഇഷ്ടപ്പെടുന്നു അവൾ നിങ്ങളിൽ നിന്ന് ചുംബനം ആഗ്രഹിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
44. ഒരു സൈക്കിളിനുവേണ്ടി ദൈവത്തോട് അപേക്ഷിച്ചു എന്നാൽ നിങ്ങൾക്ക് ലഭിച്ചില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
45. നിങ്ങളുടെ അമ്മ കടയിൽ പോകുവാൻ നിങ്ങളോട് പറഞ്ഞു 50 രൂപയുടെ ബിൽ തന്നു ബാക്കി ചില്ലറ നിന്നോട് ചോദിക്കാൻ മറന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
46. സ്കൂളിലെ നിങ്ങളുടെ അദ്ധ്യാപകൻ ഏത് കുട്ടിയാണ് മിടുക്കൻ എന്ന് നിങ്ങളോട് ചോദിക്കുന്നു, നിങ്ങളാണ് മിടുക്കനായ കുട്ടി എന്നാൽ നിങ്ങളെക്കുറിച്ച് പുകഴ്ത്തി പറയുന്നത് ശരിയല്ലെന്ന് നിങ്ങൾക്കറിയാം. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൌമ്യത)

47. ഒരു ദിവസം നിങ്ങൾ തെരുവിലൂടെ നടക്കുമ്പോൾ നിങ്ങളുടെ മുമ്പിൽ ഒരു പേഴ്സ് ഒരുവന്റെ കയ്യിൽ നിന്ന് അവനറിയാതെ താഴെവീഴുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
48. നിങ്ങളുടെ വലിയമ്മ കടയിൽ ചെന്ന് അവൾക്കുവേണ്ടി ഉച്ചഭക്ഷണം വാങ്ങാൻ ആവശ്യപ്പെട്ടു അവൾ ആവശ്യപ്പെട്ടത് കൊണ്ടുവരാത്തതിനാൽ അവൾക്ക് കോപം വന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)
49. നിങ്ങൾക്കിഷ്ടമില്ലാത്ത ഒരു ആന്റിയോടൊപ്പം മാതാപിതാക്കൾ നിങ്ങളെ വിട്ടിട്ടുപോയി. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണുത)
50. നിങ്ങളുടെ സഹോദരി നിങ്ങളേക്കാൾ വലിപ്പമുള്ള ആളാണ്. അവൾ എപ്പോഴും നിങ്ങളെ കളിയാക്കിക്കൊണ്ടിരിക്കും.. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)
51. നിങ്ങളുടെ അമ്മ എന്ന രീതിയിൽ നിങ്ങളുടെ സഹോദരി നിങ്ങളോട് ചിലത് ആജ്ഞാപിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണുത)
52. നിങ്ങളെ ദൈവം സ്നേഹിക്കുന്നു എന്ന് നിങ്ങളുടെ അമ്മ നിങ്ങളോട് പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
53. എല്ലാം സാദ്ധ്യമാണെന്ന് വിശ്വസിക്കാൻ നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളോട് പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
54. നിങ്ങളുടെ ആരാധനാലയം വൃത്തിയാക്കാൻ നിങ്ങളുടെ അദ്ധ്യാപകൻ പറഞ്ഞു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൌമ്യത)
55. നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളുടെ മുറി വൃത്തിയാക്കാൻ നിങ്ങളോട് പറയുന്നു. എന്നാൽ നിങ്ങൾക്കതിൽ താല്പര്യം ഇല്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? അനുസരണം)
56. ഒരു കൂട്ടുകാരൻ നിങ്ങളുടെ ബൈക്ക് കടം വാങ്ങാൻ ആഗ്രഹിക്കുന്നു. നിങ്ങൾ അതിനു താല്പര്യപ്പെടുന്നില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൌമ്യത)
57. നിങ്ങൾ ഒരു തെരുവു കടക്കുന്നതിന്റെ തിരക്കിലാണ് എന്നാൽ വീൽചെയറിൽ ഇരിക്കുന്ന ഒരു സ്ത്രീ നിങ്ങളോട് സഹായം ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)
58. നിങ്ങളുടെ പരീക്ഷയിൽ ഉയർന്ന ഗ്രേഡ് ലഭിച്ചതിനാൽ നിങ്ങളുടെ മാതാപിതാക്കൾ സമ്മാനം നല്കാൻ ആഗ്രഹിക്കുന്നു എന്നാൽ നിങ്ങൾ ആ പരീക്ഷയിൽ ചതിവു പ്രയോഗിച്ചു എന്ന് നിങ്ങൾക്കറിയാം. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
59. നിങ്ങളുടെ അദ്ധ്യാപകൻ നിങ്ങളെ ഒരു ക്ലാസ് പ്രോജക്ടിന്റെ ഗ്രൂപ്പിൽ ഉൾക്കൊള്ളിക്കുന്നു നിങ്ങളെ അസഹ്യപ്പെടുത്തുന്ന ഒരു സഹപാഠി ആ ഗ്രൂപ്പിലെ അംഗമാണ്. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണുത)
60. ഒരു പുതിയ ജോലി കണ്ടുപിടിക്കുന്നതിനായി പ്രാർത്ഥിക്കുവാൻ നിങ്ങളുടെ പിതാവ് നിങ്ങളോട് ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
61. നിങ്ങൾക്ക് ഇഷ്ടമില്ലാത്ത ഒരു കാര്യം ചെയ്യുവാൻ നിങ്ങളുടെ പിതാവ് നിങ്ങളോട് ആവാശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)
62. നിങ്ങളുടെ സ്കൂൾ അദ്ധ്യാപകൻ ബൈബിളിൽ പറയുന്നത് മുഴുവൻ വ്യാജമെന്ന് നിങ്ങളോട് പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
63. നിങ്ങളുടെ പേർ സഭയുടെ ഒരു പരിപാടിക്ക് മാതാപിതാക്കൾ അനുവദിച്ചെങ്കിലും പോകാൻ പറയുന്നു എന്നാൽ പ്രഥമ അധികാരം ദൈവം വെച്ചിരിക്കുന്നത് മാതാപിതാക്കൾക്കാണെന്ന് നിങ്ങൾക്കറിയാം ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണുത)
64. സഭയിലെ ഒരു പരിപാടിക്ക് പോകുവാൻ നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളെ അനുവദിക്കുന്നില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)
65. നിങ്ങളുടെ മാതാപിതാക്കൾ വീട്ടിൽ നിന്ന് പുറത്തുപോകരുതെന്നു പറഞ്ഞു. എന്നാൽ നിങ്ങൾ വീട്ടിൽ തനിയെ ആയിരുന്നപ്പോൾ കൂട്ടുകാർ വന്നു പുറത്ത് കളിക്കുവാൻ ക്ഷണിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)
66. നിങ്ങൾ കടയിൽ പോയപ്പോൾ ഒരു കൊച്ചുകുട്ടി നിങ്ങളെ അപമാനിച്ചു മറുപടി പറയേണ്ട എന്ന് നിങ്ങൾക്ക് അറിയാം എന്നാൽ നിങ്ങൾക്ക് വളരെ കോപം വന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണുത)
67. നിങ്ങൾക്ക് ഒരു പ്രധാനപ്പെട്ട പരീക്ഷ ഉണ്ട് എന്നാൽ ശെരിയായി പഠിക്കാതെ പരീക്ഷയിൽ ചതിവ് പ്രയോഗിക്കുവാൻ കഴിയും. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
68. എല്ലാവരും ചെയ്യേണ്ട അസൈന്മെന്റ് നിങ്ങൾ മാത്രം സ്കൂളിലെ ഗ്രൂപ്പിൽ ചെയ്യുന്നു. നിങ്ങളുടെ സഹപാഠികളോട് ആ പ്രവർത്തനത്തിൽ നിങ്ങളെ സഹായിക്കാൻ ആവശ്യപ്പെടുക. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണുത)

69. നിങ്ങൾ ഒരു കള്ളം പറയുന്നവനാണെന്ന് ഒരു കുട്ടി സ്കൂളിൽ നിങ്ങളോട് പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)
70. നഷ്ടപ്പെട്ട ഒരു കാര്യത്തിനു കുട്ടികൾ നിങ്ങളെ കുറ്റം ചുമത്തുന്നു നിങ്ങളാണ് കള്ളനെന്ന് എല്ലാവരും പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
71. നിങ്ങളുടെ മാതാവ് നിങ്ങൾ ചെയ്തത് തെറ്റാണെന്നും അത് അംഗീകരിച്ച് തെറ്റു തിരുത്തണമെന്ന് നിങ്ങളോട് പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൗമ്യത)
72. നിങ്ങളുടെ മാതാവ് നിങ്ങളെ സ്നേഹിക്കുന്നുവെന്നും നിങ്ങൾ തിരിച്ചു മാതാവിനെ സ്നേഹിക്കണമെന്നും പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)
73. നിങ്ങൾ കഴിക്കുവാൻ പാടില്ലാത്ത ഒന്ന് കഴിക്കുവാ നിങ്ങളുടെ കൂട്ടുകാർ നിങ്ങളോട് ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)
74. നിങ്ങളുടെ കുടുംബം ഒരു ഭവനം വാങ്ങുന്നതിനായി കാത്തിരിക്കുന്നു. നിങ്ങൾ വലിയമ്മയോടൊപ്പം താമസിക്കേണ്ടിവരുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
75. നിങ്ങളുടെ മാതാപിതാക്കൾ കടയിൽ പോയി ചില സാധനങ്ങൾ വാങ്ങിക്കുവാൻ നിങ്ങളോട് ആവശ്യപ്പെടുന്നു എന്നാൽ ചൂടുകാലാവസ്ഥയും കട വളരെ ദൂരെയുമാണ്. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൗമ്യത)
76. നിങ്ങളുടെ പിതാവിന്റെ പണം നിങ്ങളുടെ സഹോദരൻ മോഷ്ടിച്ചതായി നിങ്ങൾ കണ്ടുപിടിച്ചു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
77. ഉപയോഗശൂന്യമായ വസ്തുക്കൾ പുറത്തേക്ക് കൊണ്ടുപോകുവാൻ നിങ്ങളുടെ പിതാവ് ആഗ്രഹിക്കുന്നു എന്നാൽ വെളിയിൽ വലിയ ഇരുട്ടാണ്. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)
78. നിങ്ങൾ കൂട്ടുകാരുമൊത്ത് പുരത്തായിരിക്കുമ്പോൾ കടയിൽ നിന്ന് ചിലത് മോഷിക്കുവാൻ അവർ ശ്രമിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
79. ദൈവം ഇല്ല എന്ന് സ്കൂളിൽ അദ്ധ്യാപകൻ നിങ്ങളോട് പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
80. സ്കോളർഷിപ്പ് ലഭിക്കത്തക്കവണ്ണം ഉയർന്ന ഗ്രേഡ് ലഭിക്കാൻ നിങ്ങൾ പ്രാർത്ഥിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
81. അയൽവക്കക്കാരന്റെ മരത്തിൽ നിന്ന് പഴങ്ങൾ മോഷ്ടിക്കുവാൻ നിങ്ങളുടെ കൂട്ടുകാർ നിങ്ങളോട് പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
82. നിങ്ങളുടെ കൂട്ടുകാർ അയാൾ വാസിയുടെ വീട്ടിലെ ബെൽ അടിച്ചിട്ട് ഓടിപ്പോകാൻ ആഗ്രഹിക്കുന്നു. എന്നാൽ നിങ്ങളുടെ മാതാപിതാക്കൾ അങ്ങനെ ചെയ്യരുതെന്ന് പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)
83. ഒരു പ്രത്യേക പുസ്തകം വായിക്കുവാൻ നിങ്ങളുടെ അദ്ധ്യാപകൻ നിങ്ങളോട് പറയുന്നു എന്നാൽ നിങ്ങൾ മറ്റൊരു പുസ്തകം വായിക്കുവാൻ ആഗ്രഹിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)
84. തലയ്ക്കു മുറിവേറ്റതിനാൽ നിങ്ങളുടെ മാതാവിനുവേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുന്നു. പ്രാർത്ഥനയാൾ ദൈവം തന്നെ സൌഖ്യമാക്കുമെന്നു അവൾ പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
85. നിങ്ങളുടെ സ്കൂളിലെ ഒരു കുട്ടി തനിക്ക് ഉച്ചഭക്ഷണവും അതിനുള്ള പണവും ഇല്ലാത്തതിനാൽ എപ്പോഴും ദു:ഖിതനായിരിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)
86. നിങ്ങളുടെ സഭയിൽ മറ്റു കുട്ടികളെ പഠിപ്പിക്കുന്നതിന് നിങ്ങളോട് ആവശ്യപ്പെടുന്നു എന്നാൽ കുട്ടികൾ നിങ്ങളെ ശ്രദ്ധിക്കുമെന്ന് നിങ്ങൾക്ക് ഉറപ്പില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
87. സ്കൂളിൽ നിന്ന് കുട്ടികൾ തനിയെ എങ്ങനെ താമസിക്കുന്നു എന്ന് കാണിക്കുവാൻ ഒരു അനാഥാലയത്തിൽ നിങ്ങളെ കൊണ്ടുപോകുന്നു. അപ്പോൾ ആ കുട്ടികളെ സഹായിക്കുവാൻ നിങ്ങളുടെ ഗ്രൂപ്പിനോട് ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)
88. നിങ്ങളുടെ ബിരുദദാനചടങ്ങിനു നിങ്ങൾക്ക് ഒരു കറുത്ത പാന്റ്സ് ധരിക്കേണ്ടതുണ്ട്. നിങ്ങളുടെ മാതാപിതാക്കൾക്ക് പുതിയ പാന്റ്സ് വാങ്ങുവാൻ കഴിവില്ലാത്തതിനാൽ നിങ്ങളുടെ ബന്ധുവിൽ നിന്ന് അത് കടം വാങ്ങേണ്ടതായിട്ടുണ്ട്. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൌമ്യത)
89. നിങ്ങളുടെ സഹപാഠിക്ക് ഒരു പ്രോജക്ടിലെക്ക് നിങ്ങളുടെ പേര് ചേർക്കണമെന്ന് ആഗ്രഹമുണ്ട് നിങ്ങൾ അതിനുവേണ്ടി ഒന്നും ചെയ്തിട്ടില്ലെങ്കിലും. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
90. നിങ്ങളുടെ സഭയിൽ ചില പ്രത്യേക പ്രവർത്തനങ്ങൾക്കായി നിങ്ങൾ പോയി എങ്കിലും അവർ ഒന്നും ചെയ്യുവാൻ നിങ്ങൾക്ക് അവസരം നൽകിയില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)
91. നിങ്ങളുടെ ഉച്ചഭക്ഷണം സ്കൂളിൽ വച്ച് ഒരു കുട്ടിക്ക് കൊടുക്കണമെന്ന് ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)

92. ഒരു ദിവസം നിങ്ങളുടെ കൂട്ടുകാരനോട് അല്പം വെള്ളം തരാമെന്ന ആവശ്യപ്പെട്ടു എന്നാൽ താൻ തന്നില്ല അത് അവന്റെതാണ് തരുവാൻ ആഗ്രഹിക്കുന്നില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൗമ്യത)
93. വളരെ മോശമായതും ദുർഗന്ധം വമിക്കുന്ന സഹപാഠിക്ക് നിങ്ങളുടെ ഗ്രൂപ്പിൽ ചേരുവാൻ ആഗ്രഹമുണ്ട്. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)
94. ഒരു ദിവസം ഒരു കുട്ടി തെരുവിൽ നിങ്ങൾക്ക് മയക്കുമരുന്ന് വാഗ്ദാനം ചെയ്തു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)
95. ഒരു പെൺകുട്ടി അവളുടെ പണം ടേബിളിൽ വച്ച് മറന്നുപോയി നിങ്ങൾ ഒഴിച്ച് വേറെ ആരും അത് കണ്ടില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
96. നിങ്ങളുടെ അദ്ധ്യാപിക നിങ്ങളുടെ ക്ലാസ്സിൽ ചില തെറ്റുകൾ പഠിപ്പിക്കുന്നു അവൾ പറയുന്നത് എല്ലാവരും അവളെ നോക്കി ചിരിക്കുന്നു എന്നാൽ നിങ്ങൾക്ക് എന്ത് ചെയ്യണം എന്ന് അറിയില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
97. നിങ്ങൾ പെൺകുട്ടികളുമൊത്ത് പുറത്ത് പോകുവാൻ താല്പര്യപ്പെടാത്തതിനാൽ ധൈര്യമില്ലാത്തവൻ എന്ന് നിങ്ങളുടെ സഹപാഠികൾ നിങ്ങളെ വിളിക്കുന്നു എന്നാൽ ദൈവം നിങ്ങൾക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന പെൺകുട്ടിയെ കണ്ടുപിടിക്കുവാനുള്ള ശരിയായ സമയത്തിനായി കാത്തിരിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
98. സ്കൂളിൽ എല്ലാവരും മറ്റുള്ളവരുടെ ഹോംവർക്ക് പകർത്തി എഴുതുന്നു എന്നാൽ ഇന്ന് ചെയ്യേണ്ട ഹോംവർക്ക് നിങ്ങൾ ചെയ്തില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
99. നിങ്ങളുടെ അയൽപക്കത്തുള്ള മറ്റു കുട്ടികൾ നിങ്ങളോട് അപമര്യാദയായി പെരുമാറുന്നതിനാൽ അവരുമൊത്ത് ഇനി മേലാൽ കളിക്കരുതെന്ന് പിതാവ് നിങ്ങളോട് പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)
100. മോശപ്പെട്ടവനും വഴക്കുണ്ടാക്കുന്നവനുമായി നിങ്ങൾ കണ്ടിട്ടുള്ള ഒരു കുട്ടി അവൻ വളരെ ഏകാന്തത അനുഭവിക്കുന്നതുകൊണ്ട് നിങ്ങളോട് സഹായം ആവശ്യപ്പെടുകയും നിങ്ങളുടെ കൂട്ടുകാരൻ ആകുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)
101. നിങ്ങളുടെ സഹപാഠികളുമൊത്ത് വഴക്കുണ്ടാക്കാത്തതിനാൽ ഒരു കുട്ടി നിങ്ങളെ ഭീരു എന്ന് വിളിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)
102. ഒരു ദിവസം നിങ്ങളുടെ സഭയിലെ ലീഡർ ദൈവത്തിനു നിങ്ങളെക്കൊണ്ട് ഉപയോഗമില്ല എന്ന് പറഞ്ഞതുകൊണ്ട് നിങ്ങൾക്ക് മനസ്സിൽ വിഷമം തോന്നു കാരണം ദൈവം നിങ്ങളെ ഇതുവരെ ഒന്നിനും വിളിച്ചിട്ടില്ല എന്ന തോന്നൽ ഉണ്ടായി. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
103. നിങ്ങളുടെ ടീച്ചർ അവരുടെ വായിലെ ബബിൾഗം എടുത്ത് നിങ്ങൾക്ക് കഴിക്കാൻ തരുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)
104. നിങ്ങളുടെ സഭയിലെ പാസ്റ്റർ ആഴ്ചയിൽ ഒരിക്കൽ ആരാധനാലയം വൃത്തിയാക്കുവാൻ നിങ്ങളോട് ആവശ്യപ്പെട്ടു എന്നാൽ അത് ചെയ്യുന്നതിനായി നിങ്ങൾക്ക് താല്പര്യമില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)
105. സണ്ടേസ്കൂളിൽ നിങ്ങളുടെ അദ്ധ്യാപകൻ മിഠായി വിതരണം ചെയ്തു. എന്നാൽ നിങ്ങളെക്കാൾ ഇളയ ഒരു കുട്ടിക്ക് അത് കിട്ടിയില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)
106. നിങ്ങളുടെ പിതാവ് നിങ്ങളെ സ്നേഹിക്കുന്നില്ലെന്നു നിങ്ങളുടെ മാതാവ് നിങ്ങളോട് പറഞ്ഞു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)
107. നിങ്ങളുടെ കൂട്ടുകാർ ഗ്രാഫിറ്റി പെയിന്റ് ചെയ്യുവാൻ അവരോടൊപ്പം പോകുവാൻ ആവശ്യപ്പെട്ടു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
108. നിങ്ങളുടെ കൂട്ടുകാർ ജനാലകൾ നശിപ്പിക്കുവാൻ അവരോടൊപ്പം വരുവാൻ ആഗ്രഹിച്ചു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
109. നിങ്ങൾ ഒരു നല്ല കുട്ടി ആയിരുന്നു എന്നും നിങ്ങളുടെ ചില സ്വഭാവങ്ങൾ ഒന്നും കൂടുതൽ നന്നാക്കേണ്ടതുണ്ടെന്നും സണ്ടേസ്കൂൾ അദ്ധ്യാപകൻ നിങ്ങളോട് പറഞ്ഞു. എന്നാൽ ആ കണ്ടെത്തലുകൾ നിങ്ങൾ അംഗീകരിക്കുവാൻ ആഗ്രഹിക്കുന്നില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൗമ്യത)
110. നിങ്ങളുടെ അയൽവാസിയെ ശല്യപ്പെടുത്തുവാൻ നിങ്ങളുടെ ഒരു കൂട്ടുകാരൻ നിങ്ങളെ വിളിച്ചു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)
111. നിങ്ങളുടെ ഉച്ചഭക്ഷണത്തിനുള്ള പണം നിങ്ങളുടെ അടുത്ത കൂട്ടുകാരൻ മോഷ്ടിക്കുന്നു എന്ന് നിങ്ങൾ കണ്ടുപിടിച്ചു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)
112. രോഗികളെ സന്ദർശിക്കുവാൻ ഹോസ്പിറ്റലിൽ തന്നോടൊപ്പം ചെല്ലുവാൻ പാസ്റ്റർ ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)

113. നിങ്ങളെ എപ്പോളും ശകാരിക്കുകയും നിങ്ങളോട് താല്പര്യമില്ലാത്തതുമായ ആന്റിയെ സന്ദർശിക്കുവാൻ നിങ്ങളുടെ അമ്മ ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

114. ശരീരത്തിൽ ക്ഷീണിതയായ നിങ്ങളുടെ മാതാവിനുവേണ്ടി പ്രാർത്ഥിക്കുവാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)

115. നിങ്ങളുടെ സഹോദരനു നിങ്ങളേക്കാൾ കൂടുതൽ ഭക്ഷണം നിങ്ങളുടെ മാതാവ് നൽകുന്നു. അവൻ ഒരു പ്രായപൂർത്തിയായ ആളായതുകൊണ്ട് അവൻ നിങ്ങളെക്കാൾ കൂടുതൽ ഭക്ഷണം കഴിക്കണമെന്ന് നിങ്ങളോട് അവൾ വിശദീകരിക്കുന്നു. നിങ്ങൾ മാതാവിന്റെ വിശദീകരണം അംഗീകരിക്കേണ്ടതാണ്. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൗമ്യത)

116. പരീക്ഷയിൽ ചതിവു പ്രയോഗിക്കാൻ സഹായിക്കുന്നതിനു നിങ്ങളുടെ ഏറ്റവും അടുത്ത കൂട്ടുകാരൻ നിങ്ങളോട് ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

117. ഒരു പ്രദർശനത്തിൽ നിങ്ങളുടെ കളിപ്പാട്ടം പഴയതാണെന്ന് പറയുന്നു. നിങ്ങളുടെ മാതാപിതാക്കൾക്ക് പുതിയ കളിപ്പാട്ടം മേടിക്കുവാൻ സാമ്പത്തികശേഷി ഇല്ലെന്നു നിങ്ങൾക്ക് അറിയാം. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൗമ്യത)

118. നിങ്ങൾ സോസ്സർ കളിക്കുമ്പോൾ നിങ്ങളുടെ കൂട്ടുകാരൻ നിങ്ങളെ കളിയിൽ ഉൾപ്പെടുത്തിയില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)

119. ഒരു പരീക്ഷ പാസ്സാകുന്നതിനു ഉത്തരങ്ങൾ അദ്ധ്യാപകൻറെ മേശയിൽ നിന്ന് മോഷ്ടിക്കണം എന്ന് ഒരു കൂട്ടുകാരൻ നിങ്ങളോട് പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

120. ചില കുട്ടികൾ ഒരു നായ്ക്കുട്ടിയെ ഉപദ്രവിക്കുന്നു. നിങ്ങൾ അവിടെ ഉണ്ട്. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)

121. ഒരു 20 രൂപയുടെ ബിൽ കടയുടെ കൌണ്ടറിൽ ഉണ്ട് എന്നാൽ ആരും അത് കണ്ടില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

122. നിങ്ങളുടെ പിതാവ് വളർത്തുന്ന മൃഗങ്ങൾക്ക് ആഹാരം കൊടുക്കാൻ നിങ്ങളോട് പറയുന്നു. എന്നാൽ നിങ്ങൾക്ക് പ്രിയപ്പെട്ട ടി.വി. പരിപാടി തുടങ്ങാറായി. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

123. നിങ്ങളുടെ അമ്മ ആരാധനാലയത്തിന്റെ കുളിമുറികൾ ശുചിയാക്കുന്നതിൽ സഹായിക്കാൻ നിങ്ങളോട് പറയുന്നു. എന്നാൽ അത് വൃത്തിഹീനമായതിനാൽ നിങ്ങൾക്കതിൽ താല്പര്യം ഇല്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൗമ്യത)

124. ടെലിവിഷനിലൂടെ ദൈവം ഇല്ല എന്ന് ഒരാൾ പറയുന്നത് നിങ്ങൾ കേൾക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)

125. നിങ്ങൾ കുടുംബത്തിലെ എല്ലാവരുമൊത്ത് നടക്കാൻ പോയപ്പോൾ അംഗവൈകല്യമുള്ള ഒരാൾ നിങ്ങളോട് കഴിക്കുവാൻ എന്തെങ്കിലും തരണേ എന്ന് ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)

126. നിങ്ങളുടെ സഭയിൽ, നിങ്ങളുടെ ഒരു സഹപാഠി നിങ്ങളെക്കുറിച്ച് ഒരു അസത്യം പറയുന്നു എന്നാൽ സത്യം പുറത്തുവരുന്നതുവരെ കാത്ത്തിരിക്കയല്ലാതെ നിങ്ങൾക്ക് ഒന്നും കഴിയുന്നില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)

127. നിങ്ങളുടെ സഹോദരന്റെ കൂട്ടുകാരൻ നിങ്ങളുടെ വീട്ടിൽ കിടന്നുറങ്ങാൻ വന്നു. നിങ്ങളുടെ ബെഡ് ആ ആളിനു നല്കാൻ മാതാപിതാക്കൾ ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൗമ്യത)

128. നിങ്ങളുടെ കുടുംബത്തിൽ നിങ്ങൾ ഒരു പുതിയ വീടിനായി പ്രാർത്ഥിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)

129. നിങ്ങളുടെ വല്യപ്പച്ചൻ തന്റെ വീടിന്റെ മുറ്റം വൃത്തിയാക്കുന്നതിന് സഹായിക്കാൻ നിങ്ങളോട് ആവശ്യപ്പെടുന്നു, എന്നാൽ അപ്പോൾ നിങ്ങളുടെ വേനലവധിക്കാലം ആണ്. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

130. നിങ്ങളുടെ അയൽവാസിയുടെ മകൻ ഒരു പലചരക്കുകടയിൽ നിന്ന് മോഷ്ടിക്കുന്നതായി കാണുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

131. നിങ്ങളുടെ സഹപാഠിക്ക് പ്രഭാതഭക്ഷണം വാങ്ങാൻ വേണ്ടത്ര പണം കയ്യിലില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)

132. സഭയിൽ പ്രസംഗിക്കുവാൻ നിങ്ങളുടെ അവസരം വന്നപ്പോൾ ഒരു നല്ല കാര്യം ചെയ്യുന്നതിൽ നിങ്ങൾ വികാര വിവശൻ ആയിരുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)

133. നിങ്ങളുടെ ചില കൂട്ടുകാർ അനുവാദമില്ലാതെ ഒരു ആർക്കേഡിൽ നിങ്ങളെ കൊണ്ടുപോകാൻ ആഗ്രഹിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)

134. നിങ്ങൾക്ക് മടി തോന്നുന്നതിനാൽ നിങ്ങളുടെ ഗൃഹപാഠം പൂർത്തീകരിക്കുന്നതിന് താല്പര്യപ്പെടുന്നില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

135. എല്ലാവരും നിങ്ങളുടെ കൂട്ടുകാരന്റെ പാർട്ടിക്ക് നല്ല വസ്ത്രങ്ങൾ ധരിക്കുന്നു. എന്നാൽ നിങ്ങളുടെ മാതാപിതാക്കൾക്ക് നല്ല വസ്ത്രങ്ങൾ വാങ്ങിനല്കാനുള്ള സാമ്പത്തിക ശേഷി ഇല്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൌമ്യത)

136. ഒരു കാഷ്യർ ഒരു കൊച്ചുകുട്ടിക്ക് തെറ്റായി പണത്തിന്റെ ബാക്കി നൽകുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

137. മറ്റൊരു കുട്ടിയുമൊത്തു പോകാൻ ഒരു സഹപാഠി നിങ്ങളെ പ്രേരിപ്പിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

138. ശനിയാഴ്ച രാവിലെ നിങ്ങളുടെ വല്യപ്പനും വല്യമ്മയും നിങ്ങളെ സന്ദർശിക്കാൻ വരുന്നു. അവർ വരുന്നതിനു മുമ്പ് നിങ്ങളുടെ മുറിവൃത്തിയാക്കാൻ നിങ്ങളോട് മാതാപിതാക്കൾ ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

139. മൃഗശാലയിലെ മൃഗങ്ങളെ ശല്യം ചെയ്യുന്നതിന് നിങ്ങളോട് ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

140. നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളെ എപ്പോഴും ശകാരിക്കുന്നതുകൊണ്ട് നിങ്ങളെ മാതാപിതാക്കൾക്ക് വേണ്ട എന്ന് നിങ്ങളുടെ സഹോദരൻ പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)

141. നിങ്ങൾക്കിഷ്ടമില്ലാത്ത മൃഗങ്ങൾ ഉള്ള ഒരു സ്ഥലത്തേക്ക് അവനോടൊപ്പം ചെല്ലുവാൻ ഒരു സ്നേഹിതൻ ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)

142. സമയത്തിന്റെ ട്രാക്ക് പോയതിനാൽ സഭയിലെ ഒരു ക്ലാസ്സിൽ നിങ്ങൾ താമസിച്ചുചെല്ലുന്നു. താമസിച്ചതിന്റെ കാരണം ചോദിച്ചപ്പോൾ കള്ളം പറയാൻ ആഗ്രഹിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

143. സഭയിൽ ഒരു പാട്ട് മത്സരം നടന്നപ്പോൾ ഒരു മത്സരാർത്ഥി നന്നായി പാടിയില്ല എല്ലാവരും അവരെ കളിയാക്കി. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

144. ഒരു കുട്ടികളുടെ യോഗത്തിൽ സുഖമില്ലാത്ത സഹോദരനുവേണ്ടി പ്രാർത്ഥിക്കുവാൻ ഒരു പെൺകുട്ടി ആവശ്യപ്പെട്ടു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)

145. നിങ്ങളുടെ കൂട്ടുകാർ നദിയിൽ നീന്തുന്നതിനു നിങ്ങളെ വിളിച്ചു. എന്നാൽ നിങ്ങളുടെ പിതാവ് അത് അപകടകരം ആണെന്ന് പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

146. നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളുടെ ഇളയ സഹോദരന്മാരെ പരിപാലിക്കാൻ ആവശ്യപ്പെടുന്നു. എന്നാൽ ഇളയ കുട്ടി നിങ്ങളെ അനുസരിക്കുന്നില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)

147. ബോർഡിൽ എഴുതിയത് മായിക്കാൻ അദ്ധ്യാപകൻ ആവശ്യപ്പെടുന്നു. അത് നിങ്ങൾ ചെയ്യുവാൻ താല്പര്യപ്പെടുന്നില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

148. നിങ്ങളുടെ അയൽവാസികളോട് കുസൃതിത്തരം കാണിക്കുവാൻ നിങ്ങളുടെ കൂട്ടുകാൽ ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

149. നിങ്ങൾക്ക് കിട്ടിയ ഒരു പേഴ്സ് തുറന്നപ്പോൾ ഉടമസ്ഥന്റെ വിവരങ്ങൾ അതിൽ കണ്ടു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

150. ഒരു പ്രായമുള്ള മനുഷ്യൻ ഒരു ഭാരമുള്ള ബോക്സ് ചുമന്നുകൊണ്ടു പോകുന്നത് നിങ്ങൾ കാണുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)

151. സ്കൂളിലെ സ്റ്റോറിൽ മറ്റു കൊച്ചുകുട്ടികൾക്ക് സാധനങ്ങൾ കൊടുക്കുന്നതുവരെ കാത്തിരിക്കാൻ അവർ നിങ്ങളോട് ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? സൗമ്യത)

152. കൊടുക്കുന്നത് വാങ്ങുന്നതിനേക്കാൾ ഉത്തമം എന്ന് നിങ്ങൾ വിശ്വസിക്കുന്നു. എന്നാൽ നിങ്ങളുടെ കൂട്ടുകാർ പറയുന്നത് മറിച്ചാണ്. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)

153. ഈ ഞായറാഴ്ച ആരാധനയ്ക്ക് പോകേണ്ട എന്ന് കൂട്ടുകാർ നിങ്ങളിൽ നിർബന്ധം ചെലുത്തുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)

154. അയൽവാസിയുടെ പന്ത് നിങ്ങളുടെ മുറ്റത്തേക്ക് വീണു. എന്നാൽ അവർക്കറിയില്ല അത് എവിടെയാണ് പോയതെന്ന്. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

155. നിങ്ങളുടെ കൂട്ടുകാരന് ഉണ്ടായിരുന്നത് അപഹരിക്കപ്പെട്ടു. ഇപ്പോൾ അവർക്ക് സഹായം ആവശ്യമാണ്. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)

156. ടി.വി.യിൽ ഇപ്പോഴുള്ള പരിപാടി നിങ്ങൾക്ക് പറ്റിയതല്ലാത്തതിനാൽ ടി.വി. ഓഫ് ചെയ്യുവാൻ നിങ്ങളോട് പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

157. നിങ്ങൾക്ക് സൗകര്യപ്രദമായ ഒരു ഇരിപ്പിടം ആരാധനാലയത്തിൽ ഉണ്ട്. എന്നാൽ അത് മറ്റൊരാൾക്ക് മാറികൊടുക്കേണ്ടിവരുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൌമ്യത)

158. നിങ്ങൾ വിലയുള്ള ആളാണെന്നു നിങ്ങൾക്കുറപ്പുണ്ട്; കാരണം ബൈബിൾ അങ്ങനെ പറയുന്നു. എന്നാൽ എല്ലാവരും പറയുന്നു നിങ്ങൾ യോഗ്യത ഇല്ലാത്തവനാണെന്ന്. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)

159. ലൈംഗികത ഉള്ള ഒരു മൂവി കാണുവാൻ നിങ്ങളുടെ കൂട്ടുകാർ വിളിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)

160. നഷ്ടമായ ആരുടെയോ പേഴ്സ് സ്കൂളിൽ വച്ച് നിങ്ങൾക്ക് കിട്ടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

161. നിങ്ങളുടെ ഇളയ സഹോദരിയെ ശ്രദ്ധിക്കുവാൻ നിങ്ങളുടെ മാതാപിതാക്കൾ ആവശ്യപ്പെട്ടു; എന്നാൽ നിങ്ങൾക്ക് കൂട്ടുകാരുമൊത്ത് കളിക്കാൻ പുറത്തുപോകണം. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

162. ക്ലാസ്സിൽ നിങ്ങളുടെ കൂട്ടുകാരുമൊത്ത് ഒന്നിച്ചിരിക്കുന്നു എന്നാൽ മറ്റൊരു ഇരിപ്പിടത്തിലേക്ക് മാറി ഇരിക്കുവാൻ അദ്ധ്യാപകൻ ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൗമ്യത)

163. നിങ്ങൾക്ക് സുഖമില്ലാതെ വന്നപ്പോൾ പാസ്റ്ററോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)

164. നിങ്ങളുടെ കൂട്ടുകാരുടെ കയ്യിൽ പ്രായപൂർത്തിയായവർക്കുള്ള മാസിക ഉണ്ട് അത് നോക്കുവാൻ നിങ്ങളെ അവർ പ്രേരിപ്പിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)

165. വ്യാജ സിനിമകൾ വളരെ വിലക്കുറവിൽ നിങ്ങൾക്ക് ഒരാൾ വാഗ്ദാനം ചെയ്യുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

166. കാർ സ്റ്റാർട്ട് ആകാത്തതിനാൽ നിങ്ങളുടെ അയൽവാസി കാർ തള്ളുന്നത് നിങ്ങൾ കാണുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)

167. സഹോദരന്മാരുമൊത്ത് ടി.വി. കണ്ടുകൊണ്ടിരിക്കുമ്പോൾ കടയിൽ പോകുവാൻ നിങ്ങളുടെ അമ്മ നിങ്ങളോട് ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

168. നിങ്ങൾ പന്തുകൊണ്ട് കളിച്ചുകൊണ്ടിരുന്നപ്പോൾ അയൽവാസിയുടെ ചെടികൾ നശിപ്പിക്കപ്പെട്ടു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൌമ്യത)

169. നിങ്ങളുടെ ബൈബിൾ ക്ലാസ്സിൽ സുഖമില്ലാത്ത ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കാൻ നിങ്ങളോട് അദ്ധ്യാപകൻ ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)

170. നിങ്ങളുടെ കൂട്ടുകാർക്ക് ഇഷ്ടമില്ലാത്ത ഒരു സഹപാഠിയെ ശല്യപ്പെടുത്താൻ നിങ്ങളോട് ആവശ്യപ്പടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)

171. നിങ്ങളുടെ അമ്മ മേശപ്പുറത്തു ചില ചില്ലറത്തുട്ടുകൾ വച്ചിരിക്കുന്നതായി കാണുന്നു. ഇപ്പോൾ അമ്മ വീട്ടിൽ ഇല്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

172. മുറ്റത്തു നിൽക്കുന്ന മരത്തിൽ നിന്ന് ഒരു പഴം പറിക്കുവാൻ നിങ്ങളുടെ സഹോദരി ആഗ്രഹിക്കുന്നു. എന്നാൽ അത് പറിക്കുവാൻ എത്തുന്നില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)

173. പാഴ്‌വസ്തുക്കൾ പുറത്തെത്തിക്കുവാൻ നിങ്ങളുടെ അമ്മ ആവശ്യപ്പെടുന്നു. എന്നാൽ നിങ്ങൾക്കതിനു താല്പര്യം ഇല്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

174. നിങ്ങൾക്കും നിങ്ങളുടെ ഇളയ സഹോദരിക്കും മിഠായി വേണം എന്നാൽ ഒരെണ്ണം മാത്രമേ ബാക്കിയുള്ളൂ. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൌമ്യത)

175. നിങ്ങളോടൊപ്പം കളിക്കുവാൻ പുറത്തേക്ക് പോകുന്നു എന്ന് നിങ്ങളുടെ പിതാവ് പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)

176. അയൽവാസിയുടെ മുറ്റത്ത് കളിക്കുവാൻ നിങ്ങളുടെ കൂട്ടുകാർ നിങ്ങളോട് പറയുന്നു എന്നാൽ നിങ്ങൾക്ക് അറിയാം അവർ അത് ഇഷ്ടപ്പെടുന്നില്ലെന്ന്. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)

177. നിങ്ങളുടെ കൂട്ടുകാരന് കുറെയധികം വീഡിയോ ഗയിമുകൾ ഉണ്ട് അതിൽ ഒന്ന് മോഷ്ടിക്കുവാൻ നിങ്ങൾ ചിന്തിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

178. നിങ്ങളുടെ അമ്മ ഭാരമുള്ള തണ്ടുകൾ(തടികൾ) മുറ്റത്ത് നീക്കം ചെയ്യുന്നതായി നിങ്ങൾ കാണുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)

179. നിങ്ങളുടെ ഗൃഹപാഠം പൂർത്തിയാക്കാതെ നിങ്ങൾ കളിക്കരുതെന്ന് നിങ്ങളുടെ അമ്മ നിങ്ങളോട് പറഞ്ഞു എന്നാൽ നിങ്ങളുടെ കൂട്ടുകാർ നിങ്ങളുടെ അടുത്ത് എത്തുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

180. നിങ്ങളുടെ പിതാവ് നിങ്ങളോട് ചെയ്യുവാൻ പറഞ്ഞ കാര്യങ്ങൾ ചെയ്യാത്തതിനാൽ അവൻ നിങ്ങളെ ശകാരിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൗമ്യത)

181. നിങ്ങളുടെ വലിയമ്മ ആശുപത്രിയിലാണ് എന്നാൽ എല്ലാവരും പറയുന്നു അവൾ സൌഖ്യമാകുമെന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)

182. അപരിചിതനായ ഒരാൾ നിങ്ങളുടെ അടുക്കൽ വന്നു ഒരു സമ്മാനം നിങ്ങൾക്കുവേണ്ടി ഒരുക്കിവെച്ചിട്ടുള്ളതിനാൽ തന്റെ കൂടെ ചെല്ലണമെന്ന് ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)

183. നിങ്ങളുടെ ഫ്രിഡ്ജിൽ ഒരു കഷണം കേക്ക് ഉണ്ട് നിങ്ങൾക്ക് അതെടുക്കണമെന്നു ആഗ്രഹമുണ്ട്. എന്നാൽ അത് നിങ്ങളുടെ സഹോദരനുള്ളതാണെന്ന് നിങ്ങൾക്കറിയാം. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

184. പലചരക്ക് കടയിൽ നിന്ന് പ്രായമുള്ള സ്ത്രീ ഭാരമുള്ള ബാഗുകൾ ചുമന്നുകൊണ്ടു പോകുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)

185. ഒരു മണിക്കൂറിനുള്ളിൽ ടി.വി. നിർത്തി കിടന്നുറങ്ങാൻ നിങ്ങളുടെ മാതാപിതാക്കൾ സമയം തരുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

186. ഒരു സഹപാഠി നിങ്ങളെ ശല്യം ചെയ്യുന്നു എന്നാൽ അതേ രീതിയിൽ പ്രതികരിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൗമ്യത)

187. ആരാധനാലയത്തിൽ പോകണ്ട എന്ന് നിങ്ങളുടെ കൂട്ടുകാർ നിങ്ങളോട് പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)

188. നിങ്ങളുടെ സഹപാഠിയുടെ ബാഗിൽ ഒരു മൃഗം(ജീവി) ഇടുവാൻ കൂട്ടുകാർ നിങ്ങളോട് പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)

189. നിങ്ങളുടെ വീട്ടിൽ ആരോ ഒരു ബോക്സ് ക്രയോൺസ് മറന്നു വയ്ക്കുന്നു ആരുടേതാണെന്ന് നിങ്ങൾ അറിയുന്നില്ല എന്നാൽ അത് നിങ്ങൾക്ക് ആവശ്യവുമാണ്. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

190. നിങ്ങളുടെ സ്കൂളിലെ ചെറിയ കുട്ടി ഊഞ്ഞാലിൽ തന്നെ കയറുവാൻ ശ്രമിച്ചിട്ട് കയറുവാൻ സാധിക്കാത്തത് നിങ്ങൾ കാണുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)

191. നിങ്ങളുടെ അമ്മ നിങ്ങളുടെ കട്ടിൽ ഒരുക്കുവാൻ പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

192. നിങ്ങളുടെ പിതാവ് നിങ്ങളെ വഴക്ക് പറഞ്ഞു എന്നാൽ ഇപ്പോൾ തന്നെ കെട്ടിപിടിച്ചു ചുംബനം ചെയ്യുവാൻ ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൌമ്യത)

193. നിങ്ങളുടെ കൂട്ടുകാർ പറഞ്ഞു ദൈവം നിങ്ങളെ ഉപേക്ഷിച്ചു എന്നാൽ ബൈബിൾ പറയുന്നു ദൈവം എപ്പോളും നിങ്ങളുടെ കൂടെ ഉണ്ടാവും. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)

194. ആരാധനാലയത്തിലെ മണി മുഴക്കുവാൻ നിങ്ങളുടെ കൂട്ടുകാർ നിങ്ങളെ വെല്ലുവിളിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)

195. കടയിൽ പണം നൽകുന്ന സമയത്ത് ഒരാളുടെ പണം താഴെ വീഴുന്നതായി കാണുന്നു നിങ്ങൾ അല്ലാതെ മറ്റാരും അത് ശ്രദ്ധിക്കുന്നില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

196. ഒരു കളിസ്ഥലത്ത് ഒരു കുട്ടി താഴെ വീഴുന്നു ആരും അവനെ സഹായിക്കാൻ ശ്രമിക്കുന്നില്ല. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)

197. കാറിൽ യാത്ര ചെയ്യുമ്പോൾ സീറ്റ് ബെൽറ്റ് ധരിക്കാൻ നിങ്ങളുടെ അമ്മ നിങ്ങളോട് പറയുന്നു എന്നാൽ പല കുട്ടികളും അങ്ങനെ ചെയ്യുന്നില്ലെന്ന് നിങ്ങൾ കാണുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

198. അയൽവാസിയെ വിഷമിപ്പിച്ച കാര്യത്തിനു പോയി ക്ഷമ ചോദിക്കണമെന്ന് പിതാവ് നിങ്ങളോട് പറഞ്ഞു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൌമ്യത)

199. ഉയർന്ന സ്ഥാനങ്ങൾ(ഗ്രേഡ്) കിട്ടുകയില്ലെന്നു നിങ്ങൾ ചിന്തിക്കുന്നു എന്നാൽ പ്രാർത്ഥനയോട് ബുദ്ധിക്കായി ദൈവത്തോടപേക്ഷിക്കുവാൻ അമ്മ പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)

200. നിങ്ങൾ കാണുവാൻ ആഗ്രഹിച്ച സിനിമ ടി.വിയിൽ ആരംഭിക്കാറായി എന്നാൽ അതേ സമയത്താണ് നിങ്ങളുടെ ബൈബിൾ ക്ലാസ്. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സഹിഷ്ണത)

201. മാസികകൾ വച്ചിരിക്കുന്ന സ്റ്റാൻഡിൽ നിങ്ങൾ ആഗ്രഹിക്കുന്ന ആഗ്രഹിക്കുന്ന മാസിക കാണുന്നു എന്നാൽ അത് വാങ്ങിക്കാൻ ഉള്ള സാമ്പത്തിക ശേഷി നിങ്ങള്ക്കില്ല അത് മോഷ്ടിക്കുന്നതിനെക്കുറിച്ചു ചിന്തിക്കുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (നിർമലത)

202. നിങ്ങളുടെ സഹോദരി നിങ്ങളുടെ അടുത്ത് കരഞ്ഞു കൊണ്ട് വന്നു അവളുടെ പ്രിയപ്പെട്ട വളർത്തുമൃഗത്തിനു മുറിവേറ്റതിനാൽ അവളെ സഹായിക്കാൻ ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (ഹൃദയം)

203. അപരിചിതരോട് സംസാരിക്കരുതെന്ന് നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളോട് പറഞ്ഞു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (അനുസരണം)

204. നിങ്ങളുടെ സഹോദരൻ കാർ വളരെ അഴുക്കാക്കി ഇട്ടിട്ട് പോയി എന്നാൽ വൃത്തിയാക്കുവാൻ നിങ്ങളുടെ പിതാവ് നിങ്ങളോട് ആവശ്യപ്പെടുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (സൌമ്യത)

ദൈവം നിങ്ങളോട് കൂടെ ഉണ്ടെന്നും അവൻ എപ്പോഴും നിങ്ങളെ സഹായിക്കുമെന്നും ബൈബിൾ പറയുന്നു. ഏത് ഹീറോ നിങ്ങളെ സഹായിക്കും? (വിശ്വാസം)